(ഇ) എങ്കിൽ അത് പോസിറ്റീവ് വളർച്ചാ നിരക്കിലേക്ക് കൊണ്ടുവരുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിശദമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അത് ശേഖരിച്ചു വരുന്നു.

കാർഷിക ഉപദേശക സമിതികൾ

200 (4263) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ഉപദേശക സമിതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ കർഷകരുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ആരൊക്കെയാണ് ഇതിലെ അംഗങ്ങളെന്ന് വെളിപ്പെടുത്തുമോ ;

(സി) കാർഷിക ഉപദേശക സമിതികൾ അവസാനമായി പുനഃസംഘടിപ്പിച്ചതെപ്പോഴാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക ഉപദേശക സമിതി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ പുനഃസംഘടിപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കൃഷി ഭവന്റെ പ്രവർത്തനങ്ങളെ വിലയിരുത്താനും നിരീക്ഷിക്കാനും ഉപദേശക സമിതികൾക്ക് കൂടുതൽ അവസരങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കർഷകരുടെ ക്ഷേമത്തിനായി കാർഷിക വികസന സമിതികൾ മുഖേന പഞ്ചായത്തിലെ കർഷകർ, കൃഷി രീതികൾ, മണ്ണ് എന്നിവയുടെ സ്ഥിതിവിവര കണക്കുകളുടെ വ്യക്തമായ വിവരങ്ങൾ ശേഖരിക്കുകയും അതാതു പ്രദേശത്തിന് അനുയോജ്യമായതും കാർഷിക വികസനത്തിന് ഉതകുന്നതുമായ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

2. കൃഷി വകുപ്പിലെ വിവിധ സ്കീമുകളുടെ പരിധിയിൽപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു.

3. വരൾച്ച, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു.

4. ഗുണനിലവാരമുള്ള ജൈവരാസവളങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. കൃഷി മേഖലയ്ക്ക് ഉപയോഗ്യമാകുന്ന കേഡിറ്റിന്റെ വിലയിരുത്തലും മോണിറ്ററിങ്ങും നടത്തുന്നു.

6. വിത്ത്, തൈകൾ, കീടനാശിനികൾ മുതലായവ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

7. വായ്പാധിഷ്ഠിത കാർഷിക വികസന പദ്ധതികൾ കർഷകരിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(ബി) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 77/07 കൃഷി തീയതി 15-5-2007-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന സമിതിയെ കൃഷിഭവൻതല കാർഷിക വികസന സമിതി എന്നും ജില്ലാതല കാർഷിക സമിതി എന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ഓരോന്നിലേയും അംഗങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

കൃഷിഭവൻതല കാർഷിക വികസന സമിതി

1. എം.പി.

2. സ്ഥലം എം.എൽ.എ

3. പഞ്ചായത്ത് പ്രസിഡന്റ്, ചെയർമാൻ

4. കേരകർഷക സംഘ പ്രതിനിധി

5. കിസാൻസഭ, കർഷക സംഘം, കർഷക കോൺഗ്രസ് എന്നിവയുടെ ഓരോ പ്രതിനിധികൾ

6. പി.എ.ഒ. നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക

7. പി.എ.ഒ. നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഒരു കർഷകൻ/കർഷക

8. കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ

9. മൈനർ ഇറിഗേഷന്റെ ചുമതലയുള്ള പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ

10. പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് ചെയർമാൻ

11. പഞ്ചായത്ത് വെറ്ററിനറി സർജൻ

12. മണ്ണ് സംരക്ഷണ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥൻ

13. ബ്ലോക്കിന്റെ ചുമതലയുള്ള എഡിഒ

14. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ

15. അംഗീകൃത കർഷകത്തൊഴിലാളി സംഘടനയുടെ ഒരു പ്രതിനിധി വീതം (പരമാവധി 5 പേർ)

16. പ്രാഥമിക സഹകരണ ബാങ്ക്/ വാണിജ്യ ബാങ്ക്/ കാർഷിക വികസന ബാങ്കിന്റെ പ്രതിനിധി

LIBRARY ARCHIVES Kerala Legislative Assembly

17. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി

18. കൃഷിഭവനിലെ കൃഷി ഓഫീസർ കൺവീനർ

ജില്ലാതല കാർഷിക വികസന സമിതി

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് -ചെയർമാൻ

2. പി.എ.ഒ കൺവീനർ

3. ജില്ലയിലെ എം.എൽ.എ.മാർ

4. ജില്ലയിലെ എം.പി.മാർ

5. ജില്ലാകളക്ടറുടെ പ്രതിനിധി

6. മുനിസിപ്പൽ ചെയർമാൻ/ചെയർമാൻമാർ.

7. കോർപ്പറേഷൻ ചെയർമാൻ

8. ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ

9. ജില്ലാ ക്ഷീരവികസന ഓഫീസർമാർ

10. മൈനർ ഇറിഗേഷൻ, ഇറിഗേഷൻ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സി.ഡി.എ.ഡി.എ. യുടെ ചുമതല വഹിക്കുന്ന ഓഫീസർമാർ

11. ജില്ലാതല ഇലക്ട്രിസിറ്റി ബോർഡ്, എഞ്ചിനീയർമാർ, റോഡ് ബിൽഡിംഗ് എഞ്ചിനീയർമാർ

12. പട്ടികജാതി പട്ടികവർഗ്ഗ വികസന ജില്ലാ ഓഫീസർമാർ

13. ജില്ലാ ഫിഷറീസ് ഓഫീസർ

14. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ

15. പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും ഗവൺമെന്റ് തെരഞ്ഞെടുക്കുന്ന 2 പ്രതിനിധികൾ

16. കേര കർഷക സംഘത്തിന്റെ പ്രതിനിധി

17. കിസാൻസഭ, കർഷക സംഘം, കർഷക കോൺഗ്രസ് എന്നീ സംഘടനകളുടെ ഓരോ പ്രതിനിധികൾ വീതം

18. കൃഷി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാപ്രതിനിധി, ഒരു പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധി, 3 കർഷക പ്രതിനിധികൾ

19. അംഗീകൃത കർഷക തൊഴിലാളി സംഘടനയുടെ ഒരു പ്രതിനിധി (പരമാവധി 5)

20. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ കൃഷി എഞ്ചിനീയർമാർ

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മറ്റ് വകുപ്പുകൾ കൂടി ഉൾപ്പെടുന്ന വിഷയങ്ങളിൽ അതാത് വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരെ യോഗങ്ങളിൽ പങ്കെടുപ്പിക്കുവാനുള്ള അധികാരം കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.

(സി) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്)77/07 കൃഷി തീയതി 15-5-2007 പ്രകാരമാണ്. പഞ്ചായത്ത് ജില്ലാതല കാർഷിക വികസന സമിതികൾ അവസാനമായി പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവായത്.

(ഡി&ഇ) കാർഷിക വികസന സമിതി പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക കടാശ്വാസത്തിന് അനുവദിച്ച തുക

201 (4264) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസം നൽകാൻ ബഡ്ജറ്റ് വിഹിതമായി നൽകിയ തുക ചെലവഴിച്ച് തീർന്നിട്ടുണ്ടോ ;

(ബി) അനുവദിച്ച തുക ചെലവഴിച്ചു തീർന്നിട്ടുണ്ടെങ്കിൽ അടിയന്തരമായി കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കടാശ്വാസ നടപടികളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കടാശ്വാസം നൽകുന്നതിനായി നടപ്പുവർഷം കൂടുതൽ തുക ആവശ്യമാണെങ്കിൽ അതിനനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) കടാശ്വാസം ശുപാർശ ചെയ്തുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്.

കൃഷിവകുപ്പിൽനിന്നും ആവശ്യമായ തുക യഥാസമയം സഹകരണ രജിസ്ട്രാറുടെ TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ തീർപ്പു കൽപ്പിച്ച കേസ്സുകളിൽ വീണ്ടും പരിശോധന

202 (4265) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കർഷക കടാശ്വാസ കമ്മീഷൻ തീർപ്പു കൽപ്പിച്ച കേസ്സുകളിൽ ഉദ്യോഗസ്ഥർ വീണ്ടും പരിശോധന നടത്തി ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly